എൽ. പി., യു. പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകൾ

202 [1597] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എൽ. പി., യു. പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി എത്ര അൺഎയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ?

ഉത്തരം

2004-05 വർഷത്തെ കണക്ക് പട്ടികയായി ചുവടെ ചേർക്കുന്നു:

ജില്ല	ഹൈസ്കൂൾ	യു. പി. എസ്.	എൽ. പി. എസ്.	ആകെ
തിരുവനന്തപുരം	41	30	26	97
കൊല്ലം	14	17	28	59
പത്തനംതിട്ട	9	14	23	46
ആലപ്പുഴ	9	11	21	41
കോട്ടയം	23	11	32	66
ഇടുക്കി	12	7	9	28
എറണാകുളം	46	25	33	104
തൃശ്ശൂർ	31	15	23	69
പാലക്കാട്	30	10	12	52
മലപ്പുറം	77	30	14	121
കോഴിക്കോട്	24	12	13	49
വയനാട്	5	2	5	12
കണ്ണൂർ	23	20	10	53
കാസർഗോഡ്	19	5	18	42
ആകെ	363	209	267	839

ഏരിയ ഇൻറൻസീവ് പ്രോഗ്രാമിൽ (എ.ഐ.പി.) ഉൾപ്പെട്ട 35 സ്കൂളുകളുടെ (എച്ച്.എസ് 5, യു.പി.എസ്.9, എൽ.പി.എസ്.21) എണ്ണം ഇതിൽ ഉൾപ്പെട്ടിട്ടില്ല.

എസ്. എസ്. എ. പദ്ധതി പ്രകാരം ലഭിച്ച കേന്ദ്രസഹായം

203 [1599] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി എന്നാണ് കേരളത്തിൽ ആരംഭിച്ചത്;

(ബി) അദ്ധ്യാപക പരിശീലനത്തിനായി എസ്. എസ്. എ. പദ്ധതിയിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly